കുടുബങ്ങൾ താമസിച്ചുവരികയാണ്. അവർക്ക് പട്ടയം നൽകിയാൽ കേരളത്തിലെ റവന്യൂവകുപ്പുമന്ത്രിക്ക് പുണ്യം കിട്ടുമെന്നാണ് എനിക്കുപറയാനുള്ളത്. അങ്ങ് അതിനാവശ്യമായ അടിയന്തിരനടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യമാണിത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിനുവേണ്ടി പള്ളിത്തുറ പാലത്തിനു സമീപം റോഡിനു തെക്കും വടക്കും ഭാഗത്തുള്ള സ്ഥലം പൊന്നുംവിലയ്ക്കെടുത്തപ്പോൾ ഈ സ്ഥലത്ത് വടക്കുഭാഗത്തുനിന്ന് ഒഴിപ്പിച്ചതായ 210 കുടുംബങ്ങൾക്ക് 10 സെന്റ് വീതം സ്ഥലവും വീടും അന്ന് നൽകുകയുണ്ടായി. അത്തരത്തിൽ നൽകിയ വീടുകൾ ഉൾപ്പെടുന്ന സ്ഥലമാണ് പള്ളിത്തുറ കോളനി എന്നറിയപ്പെട്ടിരുന്നത്. റോഡിനു തെക്കുവശത്ത് വി.എസ്.എസ്.സി.യുടെ വക പുരയിടത്തിൽ താമസിക്കുന്നവർക്ക് പട്ടയം ഇപ്പോഴും കൊടുത്തിട്ടില്ല. ഈ ആളുകളും കുടിയൊഴിപ്പിക്കപ്പെട്ടവരിൽ പെട്ടതാണ്. ഇവർക്ക് പട്ടയം കൊടുക്കുന്നതിന് പൊന്നും വിലയ്ക്കെടുത്ത സ്ഥലം അതിർത്തി അളന്ന് തിട്ടപ്പെടുത്തണം എന്നൊരു തർക്കത്തിൽ കിടക്കുകയാണ്. വി.എസ്.എസ്.സി. വളരെ മുമ്പുതന്നെ അതിർത്തി തിരിച്ച് വൻമതിൽ കെട്ടുകയുമൊക്കെ ചെയ്ത സാഹചര്യത്തിൽ ഈ ആളുകൾക്ക് ഉടൻ പട്ടയം നൽകാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ഒഴിപ്പിക്കപ്പെട്ടവരിൽ ഭൂരഹിതരായി അവശേഷിക്കുന്നവർക്ക് ഭൂമി നൽകുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ചുവരികയാണ്. സമയബന്ധിതമായ നടപടി പൂർത്തിയാക്കണമെന്നുതന്നെയാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്.

(5) വണ്ടൂർ നിയോജകമണ്ഡലത്തിലെ തിരുവാലി പഞ്ചായത്തിലെ കോളനി നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം

ശ്രീ. എൻ. കണ്ണൻ : സർ, വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട രണ്ട് കോളനികളിൽ താമസിക്കുന്ന ആളുകൾക്ക് കൈവശരേഖ കൊടുക്കണം എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്. തിരുവാലി പഞ്ചായത്തിലെ നടുവത്ത് എ.കെ.ജി. കോളനിയിൽ കഴിഞ്ഞ 20 വർഷമായി താമസിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് ഇതുവരെ കൈവശരേഖയും പട്ടയവും കൊടുത്തിട്ടില്ല. കഴിഞ്ഞ പ്രാവശ്യം ഞാൻ ആ കാര്യം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് അവിടെ ഒരു സംവിധാനം വന്നു എന്നല്ലാതെ അവർക്ക് അത് കൊടുക്കുവാൻവേണ്ടി ഒരു നടപടിയും ഉണ്ടായിട്ടില്ല. വടവത്ത് താമസിക്കുന്നവർ അവിടെ താമസിക്കുവാനും ഉടമാവകാശം ലഭ്യമാക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി ബന്ധപ്പെട്ടു. ഹൈക്കോടതി പറഞ്ഞത്, ഗവണ്മെന്റ് ഇടപ്പെട്ട് അടിയന്തിരമായ തീരുമാന ഉണ്ടാക്കിക്കൊടുക്കണം എന്നാണ്. ഹൈക്കോടതിയുടെ ആ നിർദ്ദേശം ഗവണ്മെന്റിലേക്ക് വന്നു. ഈ രണ്ട് മേഖലകളിൽ താമസിക്കുന്ന ആൾക്കാർക്ക് കൈവശരേഖ കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഇതു ഗവൺമെന്റ് ഗൗരവമായിട്ട് എടുത്ത പ്രശ്നമാണ്. തിരുവാലി, നടുവത്ത് എ.കെ.ജി. കോളനിയിലെ കൈവശരേഖയുടെ പ്രശ്നം കഴിഞ്ഞ ഒന്നുരണ്ട് മാസമായി പരിഹാരം ഉണ്ടാക്കുവാൻവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളാ ഭൂപരിഷ്ക്കരണ നിയമപ്രകാരം, ടി.എ. ശങ്കരനാരായണ ശർമ്മ യിൽനിന്നും മിച്ച ഭൂമിയായി സർക്കാർ ഏറ്റെടുത്ത സ്ഥലമാണ്. ഇവിടെ ഏക ദേശം 86 അനധികൃത കൈവശക്കാർ ഇപ്പോൾ നിലവിലുണ്ട്. കേരള ഭൂപരി ഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസരണമായി മാത്രമേ മിച്ചഭൂമി പതിച്ചുകൊടുക്കുവാൻ സാധ്യമാകുകയുള്ളൂ. ഇപ്രകാരം, നിലവിലുള്ള വ്യവ സ്ഥകളും കൈവശസ്വഭാവവും മറ്റു അനുബന്ധ ഘടകങ്ങളും കണക്കിലെ ടുത്ത് ലാന്റ് ബോർഡ് പരിശോധിച്ചുമാത്രമേ ഈ കാര്യത്തിൽ തീരുമാനം എടുക്കുവാൻ കഴിയൂ. അതുകൊണ്ട് കാലതാമസം ഒഴിവാക്കുന്നതിനു ബന്ധ പ്പെട്ട ഉദ്യോഗസ്ഥന്മാരും കോളനി നിവാസികളുടെ പ്രതിനിധികളുമായി സർക്കാർതലത്തിൽ കൂടിയാലോചിച്ച് പരിഹാരമുണ്ടാക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. നമ്പാട് പഞ്ചായത്തിൽ കോളനിയിൽ കർഷകർ താമ സിക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട് ഒരു സീലിംഗ് കേസ്സ് ഇപ്പോഴും നില നിൽക്കുന്നുണ്ട്. കഴിയുന്നത്രവേഗം ആ സീലിംഗ് കേസ്സിനും ഒരു തീരുമാനം ഉണ്ടാകേണ്ടതുണ്ട്. അതുകൂടി ഉണ്ടായതിനുശേഷം മാത്രമേ അന്തിമമായി ഈ കാര്യത്തിൽ ഒരു തീരുമാനം ഗവണ്മെന്റിനു കൈക്കൊള്ളുവാൻ കഴിയൂ. എന്തായാലും അനുഭാവപൂർവ്വമായി ആ പ്രശ്നം പരിഹരിക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

(6) കരാറുകാർ രജിസ്ട്രേഷൻ എടുക്കണമെന്ന ഉത്തരവ് പിൻവലിക്കണ മെന്ന ആവശ്യം

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, കേരളത്തിലെ ചെറുകിട വിഭാഗ ത്തിൽപ്പെടുന്ന ഗവണ്മെന്റ് കരാറുകാരെ സംബന്ധിച്ചുള്ള ഒരു കാര്യമാണ്. ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. നിരവധി പ്രശ്നങ്ങൾ ഉള്ളപ്പോ ഴെല്ലാം കേരളത്തിലെ ഗവണ്മെന്റ് കരാറുകാരോട് വളരെ അനുഭാവപൂർവ്വമായ ഒരു സമീപനമാണ് എടുത്തിട്ടുള്ളത്. എന്നാൽ സെയിൽസ് ടാക്സിന്റെ കാര്യ ത്തിൽ ഇപ്പോൾതന്നെ ആറേകാൽ ശതമാനം പിടിക്കുന്നുണ്ട്. ഇതു കൃത്യ മായി എല്ലാ ജില്ലകളിലും ഈടാക്കുന്നില്ല. ഈ സംഖ്യ യഥാസമയം ട്രഷറി യിൽ അടയുന്നുമില്ല. എന്നാൽ ഗവണ്മെന്റ് കരാറുകാർക്ക് പുതിയ രജിസ്ട്രേ ഷൻ വ്യവസ്ഥ വന്നതോടുകൂടി അവർ വളരെ വിഷമത്തിലാണ്. ഒന്ന്, ആവ ശ്യമായ ഫാറങ്ങൾ ഇല്ല. ആവശ്യമില്ലാതെ പലവിധ സർട്ടിഫിക്കറ്റുകളും ഹാജരാക്കണമെന്ന് നിർബന്ധമുണ്ട്. രണ്ട്, ഇൻട്രോഡ്യൂസർമാരെ ഹാജരാ ക്കേണ്ടതുണ്ട്. അവരെ ഉദ്യോഗസ്ഥന്മാരുടെ അടുത്തുകൊണ്ടുപോയി പരിച യപ്പെടുത്തുകയും വേണം. അവർ നാഷണൽ സേവിംഗ്സ് സ്കീമിൽ 5,000 രൂപ ഇടുകയും വേണം. ഇപ്രകാരമുള്ള ഈ വ്യവസ്ഥകൾ എല്ലാം എന്തിനു വേണ്ടിയാണ് എന്ന് മനസ്സിലാകുന്നില്ല. ഈ വ്യവസ്ഥകൾ എല്ലാം പാലിച്ചു കൊണ്ട് രജിസ്ട്രേഷൻ എടുക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റ് പുനഃപരി ശോധിച്ച് അതു പിൻവലിക്കുകയും വേണം. ഇവിടെ അല്ല, വടക്കൻ ജില്ലകളി ലാണ് നിർബന്ധപൂർവ്വം അതു ഏർപ്പെടുത്തിയിരിക്കുന്നത്. ഈ കരാറുകാ രുടെ വിഷമത പരിഗണിച്ച്, കേരളാ ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡ റേഷന്റെ സമ്മേളന വേളയിൽ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ബഹുമാന പ്പെട്ട മന്ത്രി ചില ഉറപ്പുകൾ നൽകിയിട്ടുണ്ട്. അതു പുനഃപരിശോധിക്കുകയും പുതിയ രജിസ്ട്രേഷൻ സമ്പ്രദായം പിൻവലിക്കുകയും ചെയ്യണം. കേരള ത്തിലെ ചെറുകിടക്കാരായ കരാറുകാരെ സഹായിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly